# സുന്നത്ത് നബി(ﷺ)യുടെ ജീവിതകാലത്ത്

നബി ﷺ ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തെ നേരിട്ടനുസരിക്കുകയായിരുന്നു സ്വഹാബിക ളുടെ പതിവ്. 'ഞാൻ നമസ്കരിക്കുന്നപോലെ നിങ്ങൾ നമസ്കരിക്കുക' (ബുഖാരി), 'എന്നിൽ നിന്ന് നിങ്ങളുടെ ആരാധനാ കർമ്മങ്ങൾ സ്വീകരിക്കുക' (മുസ്ലിം) എന്നിപ്ര കാരം നബി ﷺ പറയുകയും ചെയ്തിരിക്കുന്നു. മാത്രമല്ല നബിﷺയുടെ ഒരു പ്രവൃത്തി അതേ പടി സ്വീകരിക്കുവാൻ സ്വഹാബികളിൽ ആർക്കെങ്കിലും മനഃപ്രയാസമുണ്ടെന്നറിഞ്ഞാൽ അദ്ദേഹം കോപിക്കുക പോലും ചെയ്തിരുന്നു. ഹുദൈബിയാ സംഭവ ദിവസം ഉംറക്ക് ഇഹ്റാമിൽ പ്രവേശിച്ചവരോട് അതിൽ നിന്ന് ഒഴിവാകുവാനും മുടി നീക്കുവാനും നബി ﷺ കൽപ്പിച്ചു. എന്നാൽ ചിലരത് ചെയ്യാൻ കൂട്ടാക്കിയില്ല. ഇതറിഞ്ഞ പ്രവാചകൻ പെട്ടെന്നെഴു ന്നേറ്റ് തന്റെ മുടി നീക്കി ഇഹ്റാമിൽ നിന്നൊഴിവായതായി കാണിച്ചുകൊടുത്തു. അതുകണ്ട് അവരും അങ്ങനെ ചെയ്തു.

റസൂൽ ﷺ ഒരു കാര്യം ചെയ്തു കണ്ടാൽ അതിന്റെ കാരണമന്വേഷിക്കാതെ തന്നെ സ്വഹാ ബികൾ അദ്ദേഹത്തെ പിന്തുടരുമായിരുന്നു. ഒരിക്കൽ റസൂൽ ﷺ ഒരു സ്വർണ്ണമോതിരം ധരി ച്ചു. അതുകണ്ട് സ്വഹാബികളും സ്വർണ്ണമോതിരമണിഞ്ഞു. പിന്നീട് നബി ﷺ അതൊഴിവാക്കി ക്കൊണ്ട് പറഞ്ഞു: 'ഇനി ഞാനൊരിക്കലും ഇതുപയോഗിക്കുകയില്ല' അപ്പോൾ ജനങ്ങളും അതൊഴിവാക്കി. (ബുഖാരി)

അബൂസഈദിൽ ഖുദ്രി ؓ പറയുന്നു: ഞങ്ങളൊരിക്കൽ നബിﷺയുടെ കൂടെ നമസ്കരി ക്കാൻ നിൽക്കുകയാണ്. നബി ﷺ തന്റെ ചെരിപ്പഴിച്ച് ഇടതുഭാഗത്ത് വെച്ചു. ഇതുകണ്ട് സ്വഹാബത്തും അതേപോലെ ചെയ്തു. നമസ്കാരം കഴിഞ്ഞു. നബി ﷺ ചോദിച്ചു: 'നിങ്ങ ളെല്ലാം എന്തിനാണ് ചെരിപ്പ് അഴിച്ചു വെച്ചത് ?' അവർ പറഞ്ഞു: 'അങ്ങ് ചെയ്തതുകൊ ണ്ട്.' നബി ﷺ പറഞ്ഞു: 'എന്റെ ചെരുപ്പിൻമേൽ അശുദ്ധിയുണ്ടെന്ന് ജിബ്രീൽ അറിയിച്ചതു കൊണ്ടാണ് ഞാനങ്ങനെ ചെയ്തത്.' (ഖാദി ഇയാദ് ഫിശ്ശിഫാ)

നബിﷺയെ അനുസരിക്കുന്ന കാര്യത്തിൽ സ്വഹാബത്തിന്റെ പ്രതിബദ്ധത തെളിയിക്കുന്ന ഒരു ഉദാഹരണവും കൂടി കാണുക:

അബ്ദുല്ലാഹിബിനു മസ്ഊദ് ؓ ഒരിക്കൽ ജുമുഅഃ നമസ്കാരത്തിന് പള്ളിയിലെത്തിയ പ്പോൾ നബി ﷺ പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം വാതിൽക്കലെത്തിയതേയുള്ളു. അപ്പോൾ കേൾക്കുന്നത് 'നിങ്ങൾ ഇരിക്കുവിൻ' എന്ന നബിﷺയുടെ കൽപ്പനയാണ്. ഇതു കേട്ട മാത്രയിൽ അബ്ദുല്ലാഹ് വാതിൽക്കൽ ഒറ്റ ഇരുപ്പിരുന്നു. ഇതുകണ്ട നബി ﷺ വിളിച്ചു പറഞ്ഞു: 'അബ്ദുല്ലാ മുന്നോട്ടു വന്നിരിക്കൂ.' (അബൂദാവൂദ്)

ഇതായിരുന്നു സ്വഹാബികളുടെ നിഷ്ഠ. അദ്ദേഹത്തിന്റെ വാക്കും പ്രവൃത്തിയും അംഗീകാ രവും അവർ മതനിയമമായിത്തന്നെ സ്വീകരിച്ചു. അക്കാര്യങ്ങളിൽ ബദൽ നിർദ്ദേശിക്കാനോ

അഭിപ്രായം പ്രകടിപ്പിക്കാനോ അവർ മുതിർന്നില്ല. കാരണം അവ ദൈവീക ബോധനമനുസരിച്ചു ചെയ്യുന്നതാണെന്ന് അവർ മനസ്സിലാക്കി. എന്നാൽ മത നിയമമല്ലെന്ന് തോന്നിയ വിഷയങ്ങളിൽ അവർ മര്യാദയോടെ അഭിപ്രായം പ്രകടിപ്പിച്ചു. ബദൽ നിർദ്ദേശിച്ചു. യുക്തമെന്ന് തോന്നിയ നിർദ്ദേശങ്ങൾ നബി ﷺ അംഗീകരിക്കുകയും ചെയ്തു. ബദ്ർ യുദ്ധ സമയത്ത് മുസ്‌ലിംകൾക്ക് താവളമടിക്കാൻ നബി ﷺ തെരഞ്ഞെടുത്ത സ്ഥലം യുദ്ധതന്ത്രത്തിന് പറ്റിയതല്ലെന്ന് ഹുബ്ബാബ് ؓ അഭിപ്രായപ്പെട്ടപ്പോൾ നബി ﷺ അവിടെ നിന്ന് മാറിയത് ഇതിനുദാഹരണമാണ്.

അവലംബം:
**സ്വഹീഹ് മുസ്‌ലിം സമ്പൂർണ്ണ മലയാള പരിഭാഷ**
(മൂന്ന് വാല്യങ്ങൾ)

പ്രസാധനം:
**ഇൻസാഫ് പബ്ലിഷേഴ്സ്**

